# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1903 17.03.2015 ൽ മറുപടിയ്ക്ക്

**വഞ്ചന, തട്ടിപ്പ് കേസുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.ദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വഞ്ചനയും തട്ടിപ്പും സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നുണ്ടോ : എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ; | (എ) വഞ്ചനയും തട്ടിപ്പും സംബന്ധിച്ച കേസുകൾ നേരിയ തോതിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെടുന്ന ആൾക്കാർക്ക് അതിലെ തട്ടിപ്പുകൾ സംബന്ധിച്ച് അറിവില്ലായ്മ കൊണ്ടും, പെട്ടെന്ന് പണം സമ്പാദിക്കണമെന്നുള്ള മോഹം മൂലവും തട്ടിപ്പുകാരുടെ മോഹന വാഗ്ദാനങ്ങളിൽപ്പെട്ടു പോകാറുണ്ട്. വഞ്ചനയും തട്ടിപ്പും നടന്നാൽ ആയത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അവബോധം ജനങ്ങളിൽ ഉള്ളതുകൊണ്ടും എല്ലാ സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നതുകൊണ്ടുമാണ് കേസുകളിൽ വർദ്ധനവ് കാണുന്നത്. |
| (ബി) നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും പ്രതികൾ ഏറെയും ശിക്ഷിക്കപ്പെടുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) രേഖാമൂലമുള്ളതും ശക്തമായ തെളിവുകൾ ഉള്ളതുമായ കേസുകളിലും, കക്ഷികൾ തമ്മിൽ ഒത്തുതീർപ്പാകാത്ത കേസുകളിലും പ്രതികൾ ശിക്ഷിക്കപ്പെടാറുണ്ട്. |
| (സി) തട്ടിപ്പുകാരുടെ പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കുന്നതിന് ജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ നടപടി സ്വീകരിക്കാമോ ; പൊതുജനങ്ങൾക്കിടയിൽ തട്ടിപ്പുകാർക്ക് സ്വീകാര്യത ലഭിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഇത്തരം കേസുകളിൽ പുതിയ തെളിവുകൾ പുറത്തുവന്നാലും അവ അന്വേഷണത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടാതെ പോകുന്ന സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുതായി തെളിവുകൾ ലഭിക്കുകയാണെങ്കിൽ ബഹു.കോടതിക്ക് റിപ്പോർട്ട് നൽകി വിചാരണ തൽക്കാലത്തേക്ക് നിർത്തിവച്ച് പുതിയ തെളിവുകൾ സഹിതമുള്ള കുറ്റപത്രം ഹാജരാക്കുകയാണ് ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ